"ഭരണഭാഷ- മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

കെ.എസ്.എച്ച്.ബി, ശാന്തിനഗർ, തിരുവനന്തപുരം-01

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

## (നിലവിൽ: ഇ. സലീമുദ്ദീൻ)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - പാർട്ട്-ടൈം സ്വീപ്പർ തസ്തികയിൽ നിന്നും ഫുൾ-ടൈം സ്വീപ്പർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) ജിഒ(എം.എസ്) 254/65/പിഡി, തീയതി 02/03/1965
2) ജിഒ(എം.എസ്) 117/66/പിഡി, തീയതി 23/03/1966.
3) കളമശ്ശേരി ആർ.ഐ.സി, ട്രെയിനിംഗ് ഓഫീസറുടെ 16/09/15-ലെ കെ2/1545/14-ാം നമ്പർ കത്ത്.
4) കണ്ണൂർ ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 18/09/15-ലെ ബി5/4198/15-ാം നമ്പർ കത്ത്.
5) കോഴിക്കോട് ആർ.ഐ.സി ട്രെയിനിംഗ് ഓഫീസറുടെ 17/09/15-ലെ സി2/779/15-ാം നമ്പർ കത്ത്.
6) ഡയറക്ടറേറ്റിലെ പാർട്ട്-ടൈം സ്വീപ്പറായ ശ്രീ. ജയകുമാർ.എസ്-ന്റെ 6/11/15-ലെ സമർപ്പണം.

**ഉത്തരവ് നമ്പർ എ3/19753/2012 തീയതി: 03/12/2015**

വ്യാവസായിക പരിശീലന വകുപ്പിൽ കീഴിൽ സേവനത്തിലുള്ള താഴെപ്പറയുന്ന പാർട്ട്-ടൈം സ്വീപ്പർമാർ, ഫുൾ-ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | നിലവിൽ സേവനം അനുഷ്ഠിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | സുശീല. വിഎ | ആർ.ഐ.സി കളമശ്ശേരി |
| 2 | രതീശൻ നമ്പോലൻ | ഐ.ടി.ഐ കണ്ണൂർ |
| 3 | ശോഭ. കെ.പി | ആർ.ഐ.സി, കോഴിക്കോട് |
| 4 | ജയകുമാർ.എസ് | ഡയറക്ടറേറ്റ്. |

ക്രമ നമ്പർ 2-ലെ ശ്രീ. രതീശൻ നമ്പോലൻ ഐ.ടി.ഐ കണ്ണൂരിൽ നിന്നും മലമ്പുഴ ഐ.ടി.ഐ യിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കണമെന്നാണ് അഭ്യർത്ഥിച്ചിരിക്കുന്നത്. എന്നാൽ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ടവർ അതതു ജില്ലയിൽത്തന്നെ സേവനത്തിൽ തുടരണം എന്നതിനാൽ ടിയാന്റെ അപേക്ഷ നിരസിയ്ക്കുന്നു.

മറ്റ് 3 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ടെന്ന് കാണുന്നതിനാൽ പരാമർശം 1, 2 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ KS&SSR-ലെ പൊതുചട്ടം 9 (എ)(i) പ്രകാരം 8500-13210 രൂപ ശമ്പള നിരക്കിൽ ഫുൾ-ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി താഴെപ്പറയുന്ന പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക | നിലവിൽ സേവനം അനുഷ്ഠിക്കുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം. |
|---|---|---|---|
| 1 | സുശീല വി.എ.,<br>പാർട്ട്-ടൈം സ്വീപ്പർ | ആർ.ഐ.സി കളമശ്ശേരി | ഐ.ടി.ഐ.,കളമശ്ശേരി |
| 2 | ശോഭ. കെ.പി<br>പാർട്ട്-ടൈം സ്വീപ്പർ | ആർ.ഐ.സി, കോഴിക്കോട് | ഐ.ടി.ഐ.,കൊയിലാണ്ടി |
| 3 | ജയകുമാർ.എസ്<br>പാർട്ട്-ടൈം സ്വീപ്പർ | ഡയറക്ടറേറ്റ്. | ഐ.ടി.ഐ., ചാക്ക |

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരെ അതത് സ്ഥാപനമേധാവികൾ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്യുന്നതും സേവനത്തിൽ പ്രവേശിപ്പിയ്ക്കുന്നതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച പാർട്ട്-ടൈം സ്വീപ്പർമാർക്ക് പകരം നിയമനം നൽകുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരികൾ മുഖേന)

പകർപ്പ്:

1) വകുപ്പ് വെബ്സൈറ്റ്
2) കരുതൽ ഫയൽ (എ3)

എസ്. 4/12/15 എസ്.എച്ച്.